# കേരളസർവകലാശാല

**നം.പി.ആർ.120/2023** **തിരുവനന്തപുരം, തീയതി: 16/06/2023**

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2023–24 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/കെ.യു. സി.റ്റി.ഇ./സ്വാശ്രയ ബി.എഡ്. കോളേജുകളിലെ ഒന്നാം വർഷ ബി.എഡ്. പ്രോഗ്രാമുകളിലേയ്ക്കുള്ള 2023–24 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (**https://admissions.keralauniversity.ac.in**) ആരംഭിച്ചു.

എല്ലാ കോളേജുകളിലെയും മെറിറ്റ് സീറ്റുകളിലേക്കും മറ്റ് സംവരണ സീറ്റുകളിലേക്കും ഏക ജാലക സംവിധാനം വഴിയായിരിക്കും അലോട്ട്മെന്റ്. കേരള സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ബി.എഡ്. പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്സ് ക്വാട്ട, ഭിന്നശേഷിയുള്ളവർ, ലക്ഷദ്വീപ് ക്വാട്ട ഉൾപ്പടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പർ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്റരുത്.

### സ്പോർട്സ് ക്വാട്ട

വിദ്യാർഥിയുടെ പ്രൊഫൈൽ രജിസ്ട്രേഷൻ സ്റ്റെപ്പിൽ (Step 1) Have you represented any sports competitions എന്ന കോളത്തിൽ 'Yes' നൽകിയ അർഹരായ വിദ്യാർഥികൾക്ക് മാത്രമേ സ്പോർട്സ് ക്വാട്ട രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുകയുള്ളു. സ്പോർട്സ് ക്വാട്ട സംവരണം ക്ലെയിം ചെയ്യുന്ന വിദ്യാർത്ഥികൾ അപേക്ഷാ ഫോമും അനുബന്ധ സർട്ടിഫിക്കറ്റുകളും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്ക് മുമ്പായി സ്പോർട്സ് കൗൺസിലിന് സമർപ്പിക്കേണ്ടതാണ്. സ്പോർട്സ് കൗൺസിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. വിശദമായ ഷെഡ്യൂൾ റാങ്ക് ലിസ്റ്റ് തയ്യാറാകുന്ന മുറയ്ക്ക് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## കമ്മ്യൂണിറ്റി ക്വാട്ട

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിലുള്ള സീറ്റുകൾ മെറിറ്റിന്റെ അടിസ്ഥാനത്തിലും റവന്യൂ അധികാരികൾ നൽകുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലുമാണ് നികത്തുക. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് അതാത് കോളേജുകൾ മുഖേന തയ്യാറാക്കുന്നതിനാൽ കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റൗട്ട് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്ക് മുൻപ് ബന്ധപ്പെട്ട കോളേജിൽ സമർപ്പിക്കേണ്ടതാണ്. അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി പരിഗണിക്കുന്നതല്ല.

## പ്രത്യേക ശ്രദ്ധയ്ക്ക്

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല. സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും **9188524612 (Whatsapp/Call)**, എന്ന ഹെൽപ്പ്ലൈൻ നമ്പറിലോ **bedadmission@keralauniversity.ac.in** എന്ന ഇ-മെയിൽ ഐ.ഡി.യിലോ ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും. പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് **https://admissions.keralauniversity.ac.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

***(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)***

## പരീക്ഷാഫലം

കേരളസർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്കോളജിയിൽ 2023 ജനുവരി മാസത്തിൽ നടത്തിയ പി.ജി. ഡിപ്ലോമ പ്രോഗ്രാം ഇൻ സൈക്കോളജിക്കൽ കൗൺസിലിംഗ് 2021-2022 ബാച്ചിന്റെ (CSS) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## ടൈംടേബിൾ

കേരളസർവകലാശാല 2023 ജൂൺ 26 മുതൽ നടത്താനിരുന്ന എം.എ/എം.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2016 അഡ്മിഷൻ – ആന്വൽ സ്കീം) ഒന്നും രണ്ടും വർഷ സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് തിരുവനന്തപുരം എം.ജി. കോളേജ്, കൊല്ലം എസ്.എൻ. കോളേജ്, ആലപ്പുഴ ചേർത്തലയിലെ എസ്.എൻ.കോളേജ് എന്നീ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. (ന്യൂജനറേഷൻ ഡബിൾ മെയിൻ ഡിഗ്രി പ്രോഗ്രാം) (റെഗുലർ – 2021 അഡ്മി

ഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ), ജൂലൈ 2023 ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ 2023 ജൂൺ 26 വരെയും 150 രൂപ പിഴയോടെ ജൂൺ 30 വരെയും 400 രൂപ പിഴയോടെ ജൂലൈ 3 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**